# ചരാന്ത്യാമ്മുഖി



## കുട്ടികളുടെ പതിപ്പ്

**Durga Higher Secondary School, Kanhan**
**Little Kites Units**

cover image designed by
Adhithyan....8A

**Durga Higher Secondary School**
Kanhangad-671315, Phone: 0467-2204430
UDAISE No 32010500131
E-mail: 12001dhsskanhangad@gmail.com

To
...................................

Ref ..................................... Date ..........

പ്രിയ കുട്ടികളേ,

ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി തയ്യാറാക്കുന്ന 'മായാമുഖി' ഡിജിറ്റൽ പതിപ്പിന് എല്ലാവിധ വിജയാശംസകളും നേരുന്നു. ഇത് കുട്ടികളുടെ ഭാവനാത്മകമായ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതാവട്ടെ. ഈ സംരംഭത്തിന് എല്ലാ വിധ ഭാവുകങ്ങളും

സ്നേഹപൂർവ്വം

CHANDRAMATHI M.
HEAD MISTRESS
DURGA HIGHER SECONDARY S
KANHANGAD-671315

# ആമുഖം

കുട്ടികളുടെഭാവനയും സങ്കല്പങ്ങളും സർഗ്ഗ വസന്തങ്ങളാണ് നമുക്ക് സമ്മാനിക്കുന്നത്. വിസ്മയകരവും അനിർവചനീയവുമാണത്. അവരുടെ സർഗശേഷി ജീവിതത്തെ സമ്പന്നവും സുന്ദരവുമാക്കുന്നു. ദുർഗ ഹയർ സെക്കന്ററിയിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ കുട്ടികളുടെ സർഗത്മക ശേഷിയെ ഭാവനാ പൂർണ്ണമാക്കാൻ ഒരു ഡിജിറ്റൽ മാഗസിന് തുടക്കം കുറിക്കുന്നു. കുട്ടികൾ എഴുതട്ടെ പുതിയ രീതികൾ കണ്ടെത്തട്ടെ നെല്ലും പതിരും നമുക്ക് പിന്നീട് തിരയാം. ആശംസകളോടെ

രാജേഷ് [Kite master]

മിനി[kite mistress]

Durga Higher Secondary
**School, kanhangad**



## ഉള്ളടക്കം


बारिश ..........................................................5

ചിത്രം..........................................................6,7

എന്റെ കേരളം...............................................8

കൂട്ടുകാരി.......................................................9

എന്റെ വിദ്യാലയം....................................10

ബഷീർകൃതികളുടെ സവിശേഷതകൾ........................11

ON A RAINY SUNDAY MORNING................................16

Harvesting Love .......................................18

CAMPUS POLITICS.........................19

LIFE ON SOCIAL MEDIA..................................................22

കുട്ടന്റെ അവധിക്കാലം.............................................25

കേരളം ഒരു അതിജിവന കഥ.......................................28

ചിത്രം...........................................................31.

ബാല്യം..........................................................33

ചിത്രം...........................................................34

# बारिश

बारिश रानी
बारिश रानी
आज तो तुम बरसो पानी ।
झम झम करके बरसो तुम ।
सबका प्यास बुझाओ तुम ।
बारिश रानी बारिश रानी
झम झम करके बरसो पानी ।
टिप टिप करके बरसो तुम
शाम से रात तक बरसो तुम
रात से दिन तक बरसो हमेशा । ।
सबको कर दो हमेशा खुश ।
बारिश रानी बारिश रानी । ।
झम झम करके बरसो
पानी ।
धरती को तुम सींचा कर दो
जोर जोर से बरसो तुम
सबका दुख हटाओ तुम
बारिश रानी बारिश रानी
हवा के साथ ही बरसो तुम
सबको खुश कर दो तुम ।
जब गरज गरज कर बरसते हो
सब लोग भय से चुप जाते है ।

आदर्श बकता 8A


D.H.S.S
VI E
DHSS KANHANGAD
Jeevaraj ram


1ST
ADITHYAN-P
VIII -J
DHSS KANHANGAD
ആദിത്യൻ. പി
VIII J
DHSS ദുർഗ്ഗ

# എന്റെ കേരളം

കേരമരങ്ങൾ തിങ്ങിനിറഞ്ഞ്
പക്ഷിലദാതികൾ പറന്നുനടന്ന്
കടലിൻ തീരത്തൊരു ചെറുഭൂമി
എന്റെ സുന്ദരകേരളഭൂമി

കലകളിൽ മുങ്ങി ഉത്തരദേശം
പ്രകൃതിയിൽ മുങ്ങി ദക്ഷിണദേശം
കാടും മലകളുമൊക്കെ  താണ്ടി
ഒഴുകിനടക്കും നദികളും
ഉത്സവഭീതിതന്നെപ്പോഴും
തെയ്യം-കഥകളി-തുള്ളലുമായി
എന്നും മറക്കില്ല കേരളത്തെ
ദൈവത്തിന്റെ സ്വന്തം ഭൂമിയെ....

ശങ്കർ ആർ ഭട്ട്-8A

# കൂട്ടുകാരി

കൂട്ടുകൂടാനായെന്റെ
കൂട്ടുതേടിയലഞ്ഞൊരീ
കുഞ്ഞാറ്റക്കിളി.......

കാറ്റിനോട് കഥ മെനഞ്ഞും
കടലിനോട് കളി പറഞ്ഞും
കാടായ കാടെല്ലാം , മേടായ മേടെല്ലാം
കണ്ണാരം പൊത്തിക്കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കൊക്കുരുമ്മി, ചിറകുരുമ്മി
കിലുകിലെ കൊഞ്ചിച്ചിലച്ചും
കിളിക്കൂട്ടിലെന്നെ
കുളിരറിയിക്കാതെ
ചിറകിലൊളിപ്പിച്ച്
കനവിന്റെ കനവാം
കരളിന്റെ കരളാം
കളിക്കൂട്ടുകാരി.........

അനസൂയ രാജൻ

9. F

# എന്റെ വിദ്യാലയം

എന്റെ വിദ്യാലയം

ആദ്യത്തെ പടികയറുമ്പോൾ

പുഞ്ചിരി തൂകി ഞാൻ

വിദ്യാലയത്തിന്റെ മുറ്റത്ത് ഓടികിതച്ചതും

വീണതും, പൊറ്റ കെട്ടിയതും '


കണ്ണീർ പൊഴിച്ചതും 'രാജേഷ് മാഷുടെ ചൂരൽ

പതിച്ചതും .ആരും കാണാതെ കണ്ണ് തുടച്ചതും

ഉച്ച കഞ്ഞി കുടിച്ചതും അക്ഷര വാതിൽ തുറന്നതും

ഓർമ്മകളായി ഓടിയൊളിച്ചതും

നന്ദന എച്ച്. ബി.



# ബഷീർ

## കൃതികളുടെസവിശേഷതകൾ

സാമാന്യം മലയാളഭാഷ അറിയാവുന്ന ആർക്കും ബഷീർ സാഹിത്യം വഴങ്ങും. വളരെ കുറച്ചുമാത്രം എഴുതിയിട്ടും ബഷീറിയിസം അല്ലെങ്കിൽ ബഷീർ സാഹിത്യം എന്നത് മലയാളത്തിലെ ഒരു സാഹിത്യശാഖയായി മാറിയത് അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുടെ കരുത്ത് കൊണ്ടാണ്. ഹാസ്യം കൊണ്ട് അദ്ദേഹം വായനക്കാരെ ചിരിപ്പിച്ചു. കൂടെ കരയിപ്പിക്കുകയും കൂടി ചെയ്തു. സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന മനുഷ്യന്റെ കഥകൾ അദ്ദേഹം പറഞ്ഞപ്പോൾ അത് ജീവസ്സുറ്റതായി.കാലാതിവർത്തിയായി. ജയിൽപ്പുള്ളികളും ഭിക്ഷക്കാരും വേശ്യകളും പട്ടിണിക്കാരും സ്വവർഗാനുരാഗികളും നിറഞ്ഞ ഒരു ഫാൻസിയായിരുന്നു ബഷീറിന്റെ ലോകം. ഇത്തരത്തിൽ കഥാപാത്രങ്ങളുടെ ചിന്തകൾക്കോ വികാരങ്ങൾക്കോ അതുവരെയുള്ള സാഹിത്ത്യത്തിൽ സ്ഥാനം ഉണ്ടായിരുന്നില്ല. സമൂഹത്തിന് നേരെയുള്ള വിമർശനം നിറഞ്ഞ ചോദ്യങ്ങൾ അദ്ദേഹം ഹാസ്യത്തിൽ ഒളിപ്പിക്കുകയും ചെയ്തു. സമൂഹത്തിൽ ഉന്നതനിലവാരം പുലർത്തുന്നവർ നായകന്മാരാവുക. മുസ്ലീം കഥാപാത്രങ്ങളെ വില്ലന്മായി ചിത്രീകരിക്കുക തുടങ്ങിയ വ്യത്യസ്തതകളിൽ നിന്നും നോവലുകൾക്ക് മോചനം നൽകിയത് ബഷീറാണ് തീക്ഷ്ണമായ അനുഭവങ്ങളുടെ തീവ്രത അദ്ദേഹത്തിന്റെ

കൃതികളെ അനശ്വരമാക്കി. മുസ്ലിം സമുദായത്തിൽ ഒരു കാലത്ത് നിലനിന്നിരുന്ന എല്ലാവിധ അനാചാരങ്ങൾക്കെതിരെയും വിമർശനാത്മകമായി അദ്ദേഹം തൂലിക ചലിപ്പിച്ചു. പ്രേമലേഖനം, ബാല്യകാല സഖി, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, ആനവാരിയും പൊൻ കുരിശും, പാത്തുമ്മായുടെ ആട്, മതിലുകൾ, ഭൂമിയുടെ അവകാശികൾ, ശബ്ദങ്ങൾ, അനുരാഗത്തിന്റെ ദിനങ്ങൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, വിശ്വവിഖ്യാതമായ മൂക്ക്, ഭാർഗ്ഗവീനിലയം, പ്രേംപാറ്റ, മിസ്സിസ്സ് ജി.പിയുടെ സ്വർണപ്പല്ലുകൾ, മരണത്തിന്റെ നിഴലിൽ, മുച്ചീട്ടുകളിക്കാരന്റെ മകൾ, ജീവിതനിഴൽപ്പാടുകൾ, താരാസ്പെഷ്യൽസ്, മാന്ത്രികപ്പൂച്ച, കഥാബീജം, ജന്മദിനം, ഓർമ്മക്കുറിപ്പ്, അനർഘനിമിഷം, വിഡ്ഢികളുടെ സ്വർഗ്ഗം, നേരും നുണയും, ഓർമ്മയുടെ അറകൾ, ആനപ്പൂട, ചിരിക്കുന്ന മരപ്പാവ, ശിങ്കിടിമുങ്കൻ, യാ ഇലാഹി!, ന്റുപ്പാ നോട്ട് എന്നിവയാണ് ബഷീറിന്റെ പ്രധാന കൃതികൾ.

ഇത്തരത്തിൽ അനേകം കൃതികൾ സ്വന്തമായുള്ള ബഷീർ വായനക്കാരുടെ മനസ്സിൽ അദ്ദേഹത്തിന്റേതായ ഒരിടം നേടിയെടുത്തു. ലളിതവും കാവ്യാത്മകവുമായ ആഖ്യാനശൈലിയാണ് ബഷീറിന്റേത്. സങ്കീർണമല്ലാത്ത വാക്കുകളിലൂടെ വായനക്കാരുടെ കണ്ണുകളെ ഈറനണിയിക്കുന്ന മാന്ത്രിക വിദ്യ ബഷീറിന് വശമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശൈലീപ്രയോഗങ്ങൾ പലതും മലയാളികളുടെ നിത്യജീവിതത്തിൽ നിന്നുള്ളവയാണ് പിളുപിളുപ്പ്, പടപടോന്ന്, ഡുങ്കു

ഡ്ഢങ്ക തുടങ്ങിയ പ്രയോഗങ്ങൾ ബഷീർ കൃതികളുടെ മാത്രം സവിശേഷതയാണ്. ഒന്നും ഒന്നും കൂട്ടിയാൽ ഇമ്മിണി ബല്യ ഒന്ന്, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു, വെളിച്ചത്തിനൊത്തൊരു വെളിച്ചം തുടങ്ങിയവ ബഷീറിന് മാത്രം പ്രയോഗിക്കാൻ കഴിയുന്നവയാണ്. കൃതിമത്വമില്ലാത്ത ഈ ആഖ്യാന ശൈലിയാണ് ബഷീർ കൃതികളെല്ലാം. ഇതാണ് ബഷീർ കൃതികളുടെ മുഖ്യ സവിശേഷതകളിലൊന്ന്. സന്ദർഭാനുസരണം ആശയ മിഴിവോടെ അവതരിപ്പിക്കാൻ വാമൊഴി ഭാഷയിലെ പ്രയോഗങ്ങൾ രചനകളിൽ ഉപയോഗിക്കുന്ന ബഷീർ അദ്ദേഹത്തിന്റെ ആഖ്യാനശൈലിയെ ആകർഷകമാക്കുന്നത്ഇത്തരം വാമൊഴി പ്രയോഗങ്ങളാണ്. തന്റേതുമാത്രമായ വാക്കുകളും പ്രയോഗങ്ങളും ശൈലികളും കൊണ്ട് മറ്റെല്ലാ എഴുത്തുകാരിൽ നിന്നും വേറിട്ടു നിന്നയാളാണ് ബഷീർ. വാമൊഴിയും വരമൊഴിയും രചനകളിൽ അദ്ദേഹം യുക്തംപോലെ പ്രയോഗിച്ചു. വ്യാകരണത്തിന്റെ വേലിക്കെട്ടുകൾക്കുള്ളിൽ ഒതുങ്ങുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ ഭാഷ. അത് ഹൃദയത്തിന്റെ ഭാഷയായിരുന്നു. സൂക്ഷ്മ സ്വഭാവങ്ങൾ പ്രതിഫലിക്കുന്നതാണ് കഥാപാത്രങ്ങൾ ഉപയോഗിക്കുന്ന ഭാഷാരീതി. ബഷീറിന്റെ എല്ലാ കൃതികളും അദ്ദേഹം തന്റേതായ ഭാഷയിൽ തന്നെയാണ് രചിച്ചിരിക്കുന്നത്. ഭാഷാ രീതിയിൽ മറ്റെല്ലാ എഴുത്തുകാരിൽ നിന്നും ഏറെ വ്യത്യസ്തനാണ് ബഷീർ. നർമബോധമാണ് ബഷീർ ഭാഷയുടെ

മറ്റൊരു സവിശേഷത. ചുറ്റുപാടും കാണാൻ സാധിക്കുന്ന വ്യത്യസ്തങ്ങളായ പൊരുത്തങ്ങളെയും പൊരുത്തക്കേടുകളെയുമൊക്കെ തന്നെ ഒരിറ്റുനർമത്തോടെ ഭാഷയിൽ അടയാളപ്പെടുത്തുകയാണ് ബഷീർ ചെയ്തത്. അതുവരെ ഭാഷാസാമ്രാജ്യത്തിൽ പ്രവേശനം ലഭിക്കാതിരുന്ന പല വാക്കുകളും യാതൊരു സങ്കോചവുമില്ലാതെ ബഷീർ തന്റെ നിഘണ്ടുവിൽ ഉൾപ്പെടുത്തി. അദ്ദേഹത്തിന് വാനിറ്റി ബാഗ്, ഡുങ്കു ഡുങ്കു സഞ്ചിയും മണ്ടത്തരം ക്ലാപ്പി ബുദ്ധിയും വ്യാകരണം ലൊഡുക്കുസും ഒക്കെയായിരുന്നു. സാഹിത്യത്തിന്റെ മാനദണ്ഡങ്ങളെ അദ്ദേഹം തിരുത്തിക്കുറിച്ചു. കൃത്രിമത്വമില്ലാത്ത ഈ ഭാഷാ ശൈലി തന്നെയാണ് ബഷീറിനെ മലയാളഭാഷയുടെ സുൽത്താനാക്കിയത്. ആസാധാരണമായ സർഗവൈഭവം കൊണ്ട് മലയാള സാഹിത്യ ലോകത്ത് വിസ്മയമായിത്തീർന്ന എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. തീവ്രമായ ജീവിതാനുഭവങ്ങളാണ് അദ്ദേഹത്തിന്റെ രചനകളുടെ കരുത്ത്. ജീവിതത്തെ യാഥാർഥ്യത്തോടെ വരച്ചിടുകയാണ് ബഷീർ ചെയ്തത്. ജീവിതത്തിൽ നിന്നും വലിച്ചു ചീന്തിയ ഒരേട് എന്ന് എം.പി.പോൾ ബഷീറിന്റെ ബാല്യകാല സഖിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇത് അദ്ദേഹത്തിന്റെ എല്ലാ രചനകൾക്കും ഇണങ്ങാവുന്ന വിശേഷണമായിരുന്നു. സ്വന്തം ജീവിതം സ്വന്തം ജീവിതം സ്വന്തം ഭാഷയിലെഴുതിയ എഴുത്തുകാരൻ എന്ന് ബഷീറിനെ നിർവചിക്കാം. വായനയുടെ സുഖം മലയാളികളെ അനുഭവിപ്പിച്ചവയാണ് കൃതികളെല്ലാം, നവീനഭാഷാസാഹിത്യത്തിലെ ഒരു അത്ഭുതമാണ് വൈക്കം മുഹമ്മദ്

ബഷീർ എന്നു പറയാം. നമുക്കുചുറ്റും ജീവിക്കുന്ന അല്ലെങ്കിൽ ജീവിക്കുമായിരുന്ന മജ്ജയും മാംസവുമുള്ള മനുഷ്യരാണ് ബഷീറിന്റെ കഥാപാത്രങ്ങളെല്ലാം കേരളത്തിലെ മുസ്ലീം സമുദായത്തിലെ ആനാചാരങ്ങളേയും അസമത്വങ്ങളേയും ചുറ്റിപ്പറ്റിയാണ് ബഷീറിന്റെ മിക്ക കഥകളും. അതൊക്കെ നമുക്ക് സുപരിചിതവുമാണ്. ഒറ്റക്കണ്ണൻ പോക്കറും, പോക്കറ്റടിക്കാരനും, മുച്ചീട്ടുകളിക്കാരനും എട്ടുകാലു മമ്മൂഞ്ഞും, ആനവാരി രാമൻ നായരും, പൊൻകുരിശു തോമായും, ഉണ്ടക്കണ്ണൻ അന്ത്രുവും എല്ലാം അടങ്ങുന്ന വലിയൊരു നിര കഥാപാത്രങ്ങൾ ബഷീറിന്റെ കഥകളിൽഉണ്ട്.മനുഷ്യരോടൊപ്പം മറ്റു ജീവജാലങ്ങൾക്കും ബഷീറിന്റെ രചനകളിൽ സ്ഥാനമുണ്ട്. 'പാത്തുമ്മയുടെ ആട്' എന്ന കൃതിയിലെ ഒരു പ്രധാന കഥാപാത്രമാണ് ആട്.'ഭൂമിയുടെ അവകാശികളിൽ എല്ലാ ജീവജാലങ്ങളേയും കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. ഇങ്ങനെ ഓരോ കൃതിയിലും സവിശേഷ വ്യക്തിത്വമുള്ളകഥാപാത്രങ്ങളെ അണിനിരത്തുന്നതിൽ ബഷീർ അനന്യമായ പാടവമാണ്. പത്മശ്രീ, കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ ,ലളിതാംബികഅന്തർജനംഅവാർഡ്,മുട്ടത്തുവർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്

# ON A RAINY SUNDAY MORNING

*Early morning on a rainy sunday ,I started my journey from my house to the tuition centre. As I standing near a shop, heavy rain together with wind started, rain drops fell on my face. Few vehicles rushing through the road, only few people has walking through the footpath. In between them I saw someone has rushing towards me. I couldn't recognize whether it is a boy or girl. It was a girl. She stood beside me and when she shake her head, rain drops sprinkle on my face.*

*On that day I started noticing her. I don't know why I attracted towards her, I asked myself the reason ,which dragged my heart to her. I noticed she also in same tuition center, from there I know her name and other details. Every time I saw her something happening inside me, something that can't be expressed. A feeling that makes me think that she belongs to me.*

*After that incident , a boy in my class showed me a class photo of another school, when I looked in to it, suddenly I noticed that girl, which I met in tuition center.*

*Later he told me she was his cousin.*

*That night was a sleepless one to me, because whenever I close my eyes she was therNext day I reached early morning to the tuition center. When I saw*

*her I thought to express my feelings , but I couldn't. After tuition class I followed her to the bus stop. She aware that I was following her. I*

*explained all these to my friends, after hearing they supported me.*

*Many days passed without happening anything, then one Saturday I told my friend to call her and tell her to come down floor. I was well prepared about what to tell, I just waiting  her. I saw her walking down the stairs, when she came near me , I don't know what to say or how to express my feelings, suddenly something came out from my mouth , the three words which every boy like to say to a girl, After hearing that, she kept quiet, but her friend reacted angrily.*

*With my friends I went to her school on arts day to watch the programmes. She was surprised .*

*Next morning, a rainy Sunday as I am walking towards the tuition center, her friend came,and told me to wait outside the tuition center after the class. Then she came and told me the three words that a boy like to hear from a girl, I thought it's a dream, when she told this to me rain started again as if god's blessings. we walked together under an umbrella, holding her hand........... to be continued...*

*Pavan krishna pramod*

*XD*

# *Harvesting Love*

*Love is Life*
*Our Love is Parents*
*The mother loves his baby*
*Heart is love*
*Love gives us care, help and security*
*That is the power of Love*
*We harvest love from mother*
*The farmer harvest love from his crop.*

*Love is like a memory card*
*Love is more powerful weapon in our mind*
*First we should love our own*
*Then only we can give or harvest love*

*We all respect and obey the elders*
*That is our powerful love*
*In thousand crores of people only a*
*Quarter can harvest their Love.*
*We can give respect and take respect*
*But the love is life*
*We can love anyone*
*But we can't expect love in retur*
*The original Love is "life" also life is a"harvest love"*

*Sugna Suresh……….VIII D*

# CAMPUS POLITICS

**What do you mean by campus politics?**
**“CAMPUS POLITICS”....the world itself hears somewhat interesting...!**

**Politics are a part of morals and, politics with political parties together form the backbone of a democratic country like India. We know that “DEMOCRACY OF INDIA IS FOR THE PEOPLE, BY THE PEOPLE AND OF THE PEOPLE.” Without politics there is no position for democracy. There for politics is an inevitable factor in democracy which moulds up the shape of a country. In simple, “POLITICS IS THE ASSET OF DEMOCRACY...”**
**Campus politics is one which deals with the youth students. The participation of the youth in democracy is through campus politics. Campus politics moulds up extra talented personalities. Campus politics is very popular nowadays.**

**As we all know, education is the all round development of child, campus politics plays a vital role in skilling up education. Rather than being a book worm or addicted to mobile phones, students should come to the outer world and should inject the tendency to participate actively in social and other activities. Campus politics is the shortest way for these. Majority of the great**

**personalities suggest that students should have active participation in politics and consequently in national**

*activities. They argue that "education doesn't mean swallowing mere text books."*

*One should achieve practical knowledge about a thing instead of understanding it by reading. This can be achieved mainly through politics in campus. It moulds up one to be well conscious of how to mingle with the society and to argue for rights. Campus politic makes a student's character bold indeed. And also through this students could create an intimate connection with the society.*

*The great advantage of campus politics is that a student learn to have a feel of unity in every situations. Equality is the power of campus politics. Thus one will learn to share one's ideas and hence sharing of ideologies and further discussions percipitates education. Campus politics make one to become the "role model" of others.*

*Behind every best things, there will be some negative impacts. That is, one cannot adopt politics as a profession and remain honest. There will be a bad side to it.*

*In the name of campus politics , students cut out their classes and this will tend them to stay away from education. Thus an increase in drops outs pose a great challenge to the future India. And the other*

***great impact is that, by conducting hartals, strikes etc. students show a tendency to conduct strike for even such a silly matter. At times, campus politics lead to act for some political parties. This will lead to arguments and later they forget about their rights and needs.***

***These can be considered as the two sides of a coin. But in the case of campus politics, since merits are much more than the demerits, I strongly believe that the bad effects of campus politics can be eradicated and overcomed by the good effects.***

***Students can convene mock parliament and conduct debates and discussions. It helps students come in contact with democratic activities and make the campus free from violence.***
***Also it helps to maintain a healthy attitude among students towards campus politics.***

***It is to be remembered that tomorrow's mentors are today's students and they grow through campus politics. So campus politics is the root of Indian democracy***

***And I opine that Campus Politics must continue with all its power and it may lead the students to the zenith of their victory***
***- CAMPUS POLITICS" BUILD MINDS….BUILD FUTURES……. "***

***Sreelakshmi.P***
***XD***

# LIFE ON SOCIAL MEDIA

Dear friends, just think about our modern life. That is our addicted life.

We know that our world has changed a lot. In order to that our science and technology also changed. It developed. Which means that our media and technology was attained development and go on attaining developments. Today the world has come under the great umbrella 'The social media'. Life on social media makes everything possible. The media is one of the great revolution in the 20$^{th}$ century. Media is a kind of substance which take the life of man in the grip of illusion or hallucination.

We reached the modern media through many ways of experience and experiments. We could just mention it from the past itself. Just travel to the life of

Aryans….. At that time people did not know the language to communicate. In order to that they used to draw pictures on the walls of the cave and they used gestures. The after they made the language for them, which is the way of communication. Then they made use of it. Incase if anyone want to communicate to their friends or relatives, who were very far from them, they used to write letters. But we know letter will takemore time to reach there. Later many scientists were contributed their inventions to the world of media, such as radio, telegram, telephone, television, newspaper, computer, mobile phone, smart phone etc. At last we reached in the world of modern media.

*We can classify media into two classes. One the traditional agencies of the interactions and communications like the newspaper, radio and TV. The other one is the utilization of advanced technology*

*like the computer, internets with its attributary elements like the whatsapp, facebook, twitter etc.*

*The traditional give broad and copious information as it is inherent in the same, “A newspaper is like a refreshing cup of the tea in the morning”. It had been more promotive to knowledge acquisition. But today technology substitute it and the result is focused and limited knowledge only. So I say we need a synthesis of both traditional modes as well as advanced and contemporary avenue of media to interplay human knowledge.*

*Like a coin everything have two sides. One is positive side and other one is negative side. We know that today the world has come under the direct control of media. It could be access anything.*

*Today everyone depend social media for their educational or professional purposes. Mainly students used to access Google and Wikipedia for their seminar, projects and for other study material. So they could present it in the most effective way. And also teachers, professors for their effective teaching. Business man and other people directly or indirectly seeking the help of social media. And also if we want*

*to communicate to friends or relatives, who are far away, it can be easily done by chatting, calling or video calling through social media.*

*On the other hand it has many bad effects. We know that especially students are much addicted to the social media. They simply wasting their time and not using neither for studies nor for extracurricular activities. They are addicted to vulgar photos, videos etc. Many of them creating new relationships through these kind of medias.*

*Generally the woman who were in the home, in order to avoid their boredom they used to get addicted to the whatsapp, facebook etc.*
*The choice in order to select the way is ours. The*

*famous words of Erik Qualman "The choice on whether we do social media, the question is how well do it". Make it better by choosing its positive side. Remember that our social life is on the social media.*
*Be aware and beware of 'Social media'.*

***NANDANA RAJ***
***XD***

# കുട്ടന്റെ അവധിക്കാലം

മേശയിലുണ്ടായിരുന്ന റിമോട്ട് എടുത്ത് കുട്ടൻ ചാനലുകൾ മാറ്റിക്കൊണ്ടിരുന്നു. എല്ലാത്തിലും അറുബോറൻ പരിപാടികൾ. കുട്ടന് ദേഷ്യം കത്തിക്കയറി. നാളെയാണ് സ്കൂളിന് അവധി ലഭിക്കുക.അവധിക്ക് മുത്തശ്ശിയുടെ  വീട്ടിലേക്ക് പോകാമെന്ന് അമ്മ പറഞ്ഞിട്ടുണ്ട്. അവനിതുവരെ മുത്തശ്ശിയുടെ വീട്ടിൽ പോയിട്ടില്ല. അവിടെ തന്നെക്കാൾ ഒരു വയസ്സ് മൂത്ത ഒരു ചേച്ചിയുണ്ടെന്ന് അമ്മ അവനോട് പറഞ്ഞിട്ടുണ്ട്. മുത്തശ്ശിയുടെ വീട് അങ്ങ് ദൂരെയാണ്.
ആ വീട്ടിലേക്ക് ഇതുവരെ കുട്ടൻ പോയിട്ടില്ല. അവിടത്തെ മുത്തശ്ശി നല്ല പാചകക്കാരിയാണത്രെ. അവിടത്തെ മാമൻ ഒരു ചിത്രക്കാരനുമാണ്. ഇതൊക്കെ അമ്മ പറഞ്ഞുകേട്ടതാണ്. പിറ്റേ ദിവസം അതിരാവിലെ അമ്മയോടൊപ്പം കുട്ടൻ ട്രെയിൻ കയറി. അവൻ ജനാലയ്ക്കരികിലെ സീറ്റിലിടംപിടിച്ച് പുറത്തേക്കും നോക്കിയിരുന്നു. ട്രെയിനിന്റെ ചൂളമടി കേട്ടു. ട്രെയിൻ കുതിക്കുകയാണ്. ട്രെയിൻ ഏതാനും നിമിഷൾക്കുള്ളിൽ നഗരത്തിന്റെ പ്രാന്തഭാഗങ്ങൾ പിന്നിട്ടു. കണ്ണെത്താദൂരത്തോളം പരന്നുകിടക്കുന്ന വയലുകൾ ,വയലുകളിൽ മേയുന്ന പശുക്കൾ... ഹൃദയത്തെ സ്പർശിക്കുന്ന നയനമനോഹരമായ ദൃശ്യങ്ങൾ. കുട്ടൻ പെട്ടന്നുതന്നെ ഉറക്കത്തിലേക്കു വഴുതിവീണു.

"മോനേ....എണീക്ക്...സ്ഥലമെത്തി"അമ്മയുടെ ശബ്ദംകേട്ട് കുട്ടൻ പെട്ടന്ന് ഞെട്ടിയുണർന്നു. ട്രെയിൻ നിശ്ചലമായിരിക്കുന്നു. പുറത്ത് ഭയങ്കര ബഹളം. ച്ചപ്പോഴാണ് ഇത്തിരി ആശ്വാസം തോന്നിയത്. നേരം ഉച്ചയായി കുട്ടൻ അമ്മേയോടു ചോദിച്ചു- "ഇനി എത്ര ദൂരുണ്ട് മുത്തശ്ശീടെ

വീട്ടിലേക്ക് ?" "ആ... ഇനിയൊരു 20 പതു മിനിട്ടു പോയാലവിടെ അവർ വീട്ടിലെത്തി. അവൻ മുത്തശ്ശീടെ പേര് ചോദിച്ചു -"ലക്ഷ്മീ"ന്ന് മുത്തശ്ശി പറഞ്ഞു. അവിടെ അവന്റെ കൂടെ കളിക്കാൻ 'അമ്മു'ചേച്ചിയേയുണ്ടായിരുന്നുള്ളൂ.അവനെ കളിക്കാൻ ചേച്ചി വിളിച്ചു.ഞാനില്ല അതിന് "-കുട്ടൻ പറഞ്ഞു."അതൊന്നുമല്ലന്നേ ഞാൻ നിനക്കിന്ന് പുതിയ കളികൾ പഠിപ്പിക്കാം"- അമ്മുവിന്റെ മറുപടിയും വന്നു. പുകതിയ കളികളെന്താണെന്നറിയാൻ കുട്ടന് ആകാംക്ഷയായി. അമ്മു പറഞ്ഞുതുടങ്ങി-"കക്കകളി, ഒളിച്ചുകളി,കുട്ടിയും കോലും എന്നിവ. ഇനി ഇവയേതും ഇഷ്ടമായില്ലെങ്കിൽ_നമ്മക്ക് ദാസേട്ടന്റെ മാവിലെ മാങ്ങകൾ പറിക്കാം അവർ ആദ്യം കളിച്ചുതുടങ്ങി. കളിച്ചു തളർന്നപ്പോൾ അപ്പുറത്തെ വീട്ടിലെ ദാസേട്ടന്റെ മാവിൽ കയറി മാമ്പഴം കഴിച്ചു. ആദ്യമൊക്കെ മാവിൽ കയറാൻ കുട്ടൻ കഷ്ടപ്പെട്ടെങ്കിലും പിന്നീടവനത് കഴിഞ്ഞു. ആ ദിവസം അവനേറെ ഇഷ്ടമായി.

രാത്രി അമ്മ അവനോട് ചോദിച്ചു-"നമ്മക്ക് നാളെ വീട്ടിൽ പോകാം..... എന്താ?"വേണ്ടമ്മേ"-അമ്മ പറഞ്ഞുതീരും മുമ്പേ കുട്ടന്റെ

മറുപടിവന്നു. പിറ്റേന്നും അമ്മുച്ചേച്ചിയുടെ കൂടെ അവനാവോളം കളിച്ചു. മാമ്പഴവും പറിച്ചുതിന്നു. പിന്നീടിത് പതിവായി. പുലരിയിൽ കോഴി കൂവുന്നതിനും മുമ്പേ കുട്ടനെഴുന്നേറ്റ് അമ്മുചേച്ചിയെയും ഉണർത്തിയിട്ട് കളിക്കുന്നത് പതിവുകാഴ് ചയായി മാറി. ആ വീട് സന്തോഷം കൊണ്ട് മതിമറന്നു.

അവസാനം അവധി

കഴിയുന്ന ദിവസത്തിന്റെ തലേന്ന് അമ്മ വീട്ടിലേക്ക് പുറപ്പെട്ടപ്പോൾ കുട്ടന്റെ കണ്ണുനിറഞ്ഞു. അവൻ  അതിനു വഴങ്ങിയില്ല."അപ്പോ നിനക്ക് സ്കൂളിൽ പോണ്ടേ,ഫുട്ബോള് കളിക്കണ്ടേ, ഇന്റർനെറ്റും ക്ലാഷ് ഓഫ് ക്ലാൻസും വേണ്ടേ?"അമ്മ ചോദിച്ചു."വേണ്ടമ്മേ, എനിക്കി അമ്മുച്ചേച്ചീടെക്കൂടെ കളിച്ചാമാത്രം മതി "-ഒരു മന്ദഹാസത്തോടെ കുട്ടൻ മറുപടി പറഞ്ഞു.

# കേരളം ഒരു അതിജീവനകഥ

നിലയ്ക്കാതെ പെയ്ത മഴയും
അലയടിക്കുന്ന പ്രളയജലവും
ഒരു സുപ്രഭാതത്തിൽ
കേരളനാടിനെ കിടിലംകൊള്ളിച്ചു.
സഹ്യപർവതത്തിൽ പച്ചപ്പിന്നരുമയാം
അറബിക്കടലിൻ നീലിമതൻമകളാം
നദികളുടെ വെള്ളിക്കൊലുസിട്ട് ചിരിച്ച
കേരളത്തെ ജലം അപ്പാടെ മുക്കി
പിന്നെ വൈകിയില്ല
മീൻ മണക്കുന്ന ബോട്ടുകളുമായ്
മീൻ വലയെറിഞ്ഞ് കരുത്തുറ്റ
കൈകളുമായി അവർ വരവായി
സമൂഹം വിലക്കുറഞ്ഞവരെന്ന്
മുദ്രകുത്തിയിട്ടും വേദനിപ്പിച്ചിട്ടും
അതേ സമൂഹത്തിനായി കടലമ്മയുടെ
മക്കൾ വന്നു. നാടിനും നാട്ടാർക്കുമായി.

വീടും നാടും നഷ്ടപെട്ടവർ.....
ഉറ്റവരേയും ഉടയവരേയും നഷ്ടപ്പെട്ടവർ
കരയാൻ കണ്ണുനീർപോലുമില്ലാത്തവർ
ക്യാംപുകളിൽ തന്നെ കണ്ണടച്ചവർ...
ഉടുതുണിക്ക് മറുതുണിയില്ലാത്തവരുടെ
എരിപൊരി കൊള്ളുന്ന വയറു നിറയ്ക്കാൻ

സിനിമാതാരങ്ങളും മന്ത്രി-കലക്ടർ,പ്രമു-
ഖരെല്ലാരും കൈകോർക്കുന്നു
കൈമെയ് മറന്ന് ക്യാംപുകളിൽ അവർ
രാപകലില്ലാതെ പണിയെടുത്തു
ജാതി-മത-വർഗ-വർണ്ണ-പ്രദേശ-ലിംഗ
ഭേദമില്ലാതെ കേരളനാടാകെ
ഒരു കുടക്കീഴിലായ ദിനങ്ങൾ...
കോടിനിറം മാഞ്ഞുപോയദിനങ്ങൾ
ഹൈന്ദവനും ക്രൈസ്തവനും
ഇസ്ലാമിൻ മക്കളും...

ഒന്നിച്ചൊരുമിച്ചാഘോഷിച്ച

പൊന്നോണം കടന്നുപോയി...

പൊന്നിൻകുരിശു പള്ളിയിൽ,

പെരുന്നാളുദിനത്തിലന്ന്

അൾത്താരയിൽ നിസ്കരിച്ച

ഇസ്ലാം സഹോദരർ...

പ്രകൃതി തന്റെ താണ്ഡവത്തിൻ

ആകെ പകച്ചുപോകെ,

താങ്ങായി തണലായി

കൈനീട്ടിയ സോദരർ.

നമ്മൾ അതിജീവിച്ചു...പക്ഷേ,

സാനിറ്ററി നാപ്കിൻ ചോദിച്ച

സഹോദരിമാർക്ക് ക്യോണ്ടം തരാം


എന്ന ഫെയ്സ്ബുക്ക് കമന്റിട്ട

വൃത്തികെട്ടവനെപ്പോലെയുള്ള

'മഹാദുരന്ത'ങ്ങളിൽ നിന്ന്

നമ്മൾ എന്നാണ് അതിജീവിക്കുക???


Nandhana Raj
X-D
DHSS KANHANGAD
IInd
SAVE FUEL FOR TOMORROW
DON'T BURN IT TODAY ITSELF



# ബാല്യം

മാഞ്ഞു പോയി എന്റെ ബാല്യം

ഓർമ്മയാകുന്നെനിക്കെന്റെ ബാല്യം

മധുരമുള്ള എന്റെ ബാല്യം

മാമ്പഴ മധുരമുള്ള ഓർമ്മകളായിരുന്നു.

അമ്മയ്ക്കൊപ്പമുള്ള എന്റെ ബാല്യം

വിദ്യാലയത്തിനൊപ്പമുള്ള ബാല്യം

കൂട്ടുകാർക്കൊപ്പവും എന്റെ ബാല്യം

നിറമുള്ള ഓർമ്മകളായി.

തിരിഞ്ഞു നോക്കാൻ .....

സ്വാതി വി

